കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുഴൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)1227/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തിയ്യതി 31.07.2017

Ph.No. 0487 – 2331249

e-mail. id : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കുഴൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുഴൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)1227/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തിയ്യതി 31.07.2017

Ph.No. 0487 – 2331249

e-mail. id : dotsr.ksad@kerala.gov.in

## തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 09-10-2016 മുതൽ 24-07-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 10 എണ്ണം നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ മറുപടികൾ പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-07-2017 മുതൽ 15-07-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി .എ.ശിവൻ,<br>ഓഡിറ്റ് ഓഫീസർ<br>ശ്രീ.സിനിലാൽ.എം.ജി.<br>അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.സുനിൽകുമാർ.കെ.സി |

| | |
|---|---|
| | സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി.ധന്യ.എ.സുരേന്ദ്രൻ<br>ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശാന്തകുമാരി പി. | 01/04/2016-31/03/2017 |
| സെക്രട്ടറി | വിജയൻ. പി. വി | 01/04/2016-31/03/2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നം. | പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|---|
| 1. | സുജിത് പി ജി | കൃഷി ഓഫീസർ | 01/04/2016- 26/07/2016 |
| | | | 27/07/2016- 18/08/2016 (ഒഴിവ്) |
| 2. | അജിത് സി | | 19/08/2016- 31/03/2017 |
| 3. | ഡോ.പ്രീത കെ | വെറ്റിനറി സർജൻ | 01/04/2016- 26/07/2016 |
| | | | 27/07/2016- 18/08/2016 (ഒഴിവ്) |
| 4. | അജിത് കുമാർ സി.ബി | | 19/08/2016- 31/03/2017 |
| 5. | ഡോ.സന്ധ്യാ ദേവി | മെഡിക്കൽ ഓഫീസർ, പിഎച്ച് സി | 01/04/2016-31/03/2017 |

| | | | |
|---|---|---|---|
| 6. | ഡോ.ഗിരീഷ്കൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01/04/2016-31/03/2017 |
| 7. | ശ്രീലത ദേവി.കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01/04/2016-31/03/2017 |
| 8. | സതി.കെ.എ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01/04/2016-31/03/2017 |
| 9. | ഗ്രേസി ജോസഫ് | അസി.എഞ്ചിനീയർ | 01/04/2016-31/03/2017 |
| 10. | കെ കെ ബാലകൃഷ്ണൻ | ഹെഡ് മാസ്ററർ , ജി.പി.എസ്, കുണ്ടൂർ | 01/04/2016-31/03/2017 |
| 11. | ബിജി സി വി | വി ഇ ഒ | 01/04/2016-31/03/2017 |
| 12. | മുരളി എ കെ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01/04/2016-31/03/2017 |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വിവിധ അപാകതകൾ ശ്രദ്ധയിൽപെടുത്തുന്നത് സംബന്ധിച്ച് | 2-1 |
| 13 | ലൈസൻസ് എടുക്കാത്ത പൌൾട്രി ഫാം | 2-2 |
| | ഭാഗം-3 | |
| 14 | കംപ്യൂട്ടർ വാങ്ങൽ -വാറണ്ടി സംബന്ധിച്ച രേഖപെടുത്തലുകൾ കരാറിൽ ഇല്ല. | 3-1 |
| 15 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. | 3-2 |

| | | |
|---|---|---|
| 16 | വയോജന ക്ഷേമം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കണം. | 3-3 |
| 17 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. | 3-4 |
| 18 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ -മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കണം. | 3-5 |
| 19 | പാലിയേറ്റീവ് കെയർ രജിസ്റ്റർ ശരിയായി പരിപാലിക്കുന്നതിനും മരുന്നുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. | 3-6 |
| 20 | സേവന ഗുണമേന്മ- തുടർ ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം. | 3-7 |
| 21 | റിംഗ് കമ്പോസ്റ്റ് പദ്ധതി. | 3-8 |
| 22 | ജലസേചനപദ്ധതികളുടെ വൈദ്യുതി കരം പഞ്ചായത്തുഫണ്ടിൽ നിന്നും അടവാക്കുന്നു. | 3-9 |
| 23 | മരാമത്ത്പണികളുടെ നടത്തിപ്പ് - അപാകതകൾ | 3-10 |
| 24 | നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിലക്ക് ഗൗനിച്ചില്ല-റോഡ് താറുമാറായി | 3-11 |
| 25 | തൊഴിലുറപ്പ് പദ്ധതി | 3-12 |
| | ഭാഗം 4 | |

| | | |
|---|---|---|
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-9 |
| 35 | അനുബന്ധം-1 | |
| 36 | അനുബന്ധം-2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് / റിവൈസ്ഡ് ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 28/03/2017 | |
| കമ്മിറ്റി തീരുമാനം | 01-03/2017 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 119524500 | 118746875 |

1-2) വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യ പത്രിക 9.6.17 ന് സമർപ്പിച്ചിട്ടുണ്ട്.

1-3) വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ് ഷീറ്റിൽ രേഖപെടുത്തിയ ആസ്തികളുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
2. വസ്തു നികുതി സഞ്ചയ പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരുപ്പ് കണക്കുകളും, സാംഖ്യ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വ്യത്യാസം കാണുന്നുണ്ട്.
3. തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള കണക്കുകളും വാർഷിക കണക്കിലെ
രേഖപെടുത്തലുകളും തമ്മിൽ വ്യത്യാസം കാണുന്നുണ്ട്.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റിന് വിധേയമാക്കിയ വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട്, രസീറ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4) സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12581344 |
| വരവ് | 46208647 |
| ആകെ | 58789991 |
| ചെലവ് | 43009628 |
| നീക്കിയിരിപ്പ് | 15780363 |

1-5) വിവിധ ഫണ്ടുകളുടെ വിനിയോഗം ( താഴെപ്പറയുന്ന മാതൃകയിൽ)

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് | 0 | 8284754 | 8254754 | 7625182 | 659572 | 92.37 |
| എസ് സി പി | 0 | 3240180 | 3240180 | 2548638 | 691542 | 78.65 |
| ടി എസ് പി | 0 | 7845 | 7845 | 7845 | 0 | 100 |
| ധനകാര്യ കമ്മീഷൻ | 0 | 4645553 | 4645553 | 3329241 | 1316312 | 71.66 |
| ലോകബാങ്ക് സഹായം | 0 | 2462899 | 2462899 | 540608 | 1922291 | 21.95 |
| ബി ഫണ്ട് | 0 | 30904255 | 30904255 | 30904255 | 0 | 100 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 8027652 | 8027652 | 3553899 | 4473753 | 44.27 |
| നോൺ റോഡ് | 0 | 2554755 | 2554755 | 2054682 | 500073 | 80.42 |
| എൻ. ആർ. ഇ. ജി എസ് | 2478 | 19355459 | 19357937 | 19357570 | 367 | 99.99 |

1-6) പദ്ധതി അവലോകനം

| അംഗീകാരം | അടങ്കൽ | നടപ്പിലാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പിലാ | പൂർത്തീകരി |
|---|---|---|---|---|---|---|

| ലഭിച്ചവ (എണ്ണം) | (തുക) | (എണ്ണം) | ചെലവ് | നടപ്പിലാക്കിയത് | ക്കാത്തത് | ച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 105 | 36210211 | 67 | 20330595 | 6 | 32 | 63.8 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പ്രോജക്ടുകൾ

ഇല്ല

1-7) തനത് വരുമാനം

| ഇനം | മുൻവർഷത്തെ വരവ് | തൻവർഷത്തെ വരവ് | വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ(+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 1958810 | 3880207 | 1921397 | 98 |
| നികുതിയേതര വരവുകൾ | 781658 | 733291 | 48367 | 6.2 |
| മറ്റുവരവുകൾ | 84591 | 76106 | 8485 | 10 |
| ആകെ | 2825059 | 4689604 | 1978249 | 70 |

1-8) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2017ന് 03.30ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6184/-രൂപ (ആറായിരത്തി ഒരുനൂറ്റി എൺപത്തിനാല് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9)ക്ഷേമ പെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 133320 | 75 |
| കർഷകതൊഴിലാളി പെൻഷൻ | 5193860 | 639 |
| വിധവാ പെൻഷൻ | 10051120 | 971 |
| വാർദ്ധക്യകാല പെൻഷൻ | 12254575 | 1489 |
| വികലാംഗപെൻഷൻ | 2354920 | 271 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 646460 | 75 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

1-10) ആഭ്യന്തര നിയന്ത്രണം

കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണം ഉറപ്പ് വരുത്തുന്നതിനും ഓഫീസ് നടപടി ക്രമങ്ങളിലെ പുരോഗതി നിരീക്ഷിക്കുന്നതിനും, ഫ്രണ്ട് ഓഫീസിനെ ബാക്ക് ഓഫീസുമായി ബന്ധിപ്പിക്കുന്നതിനും സൂചിക സംവിധാനം , ഭരണപരമായ തീരുമാനങ്ങൾ യഥാസമയം രേഖപെടുത്തുന്നതിന് സകർമ സോഫ്റ്റ് വെയർ എന്നിവ ഉപയോഗിക്കുന്നുണ്ട്. മെച്ചപെട്ട സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സൗകര്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ ഫയൽ ട്രാക്കിംഗ് സംവിധാനം ഏർപെടുത്തുന്നത് സേവന പുരോഗതി നിരീക്ഷിക്കുന്നതിന് സഹായകമായിരിക്കും. ഇതിനാവശ്യമായ സംവിധാനം ഏർപെടുത്തണം. വിവിധ സേവനങ്ങൾക്ക് ഓൺലൈൻ സൗകര്യം ഏർപെടുത്തുകയും സേവന കാര്യക്ഷമത വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപെടുത്തേണ്ടതുണ്ട്. പദ്ധതി പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലും മോണിറ്ററിംഗും പൂർണമായി ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

1-11) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18/06/2017 | 03/2017 | 01/2017 |
| അക്കൗണ്ടന്റ് ജനറൽ | | 2009-10 | 22-12-2011 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വിവിധ അപാകതകൾ ശ്രദ്ധയിൽപെടുത്തുന്നത് സംബന്ധിച്ച്

1.പെർമിറ്റ് രജിസ്റ്റർ ആധികാരികമായി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന പെർമിറ്റ് രജിസ്റ്റർ ആധികാരികമല്ല. പെർമിറ്റ് നൽകിയ ശേഷം തുടർവിവരങ്ങളായ കെട്ടിടനിർമ്മാണ പൂർത്തീകരണ തിയ്യതി, കെട്ടിടനികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ. സമയബന്ധിതമായി പൂർത്തീകരിച്ച തിയ്യതി, പഴയ പെർമിറ്റ് പുതുക്കുന്ന വിവരം എന്നിവയൊന്നും തന്നെ എഴുതി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷവും ധാരാളം കെട്ടിങ്ങളുടെ നികുതി നിർണ്ണയിച്ച് ഡിമാൻറ് ചെയ്ത് ഈടാക്കുന്നുണ്ടെങ്കിലും ഇതൊന്നുംതന്നെ പെർമിറ്റ് രജിസ്റ്ററിൽ പ്രതിഫലിക്കുന്നില്ല 2013-14ൽ പെർമിറ്റ് നൽകിയ കെട്ടിടങ്ങളുടെ കാലാവധി 2016-17ൽ അവസാനിക്കുന്നതാണ്. പക്ഷെ 2013-14ലോ, തുടർന്നോ കെട്ടിടങ്ങളുടെ പണി പൂർത്തീകരിച്ച വിവരം രജിസ്റ്ററിലില്ല.

2. കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ ഇപ്രകാരം സൂക്ഷിക്കുന്നത് ശരിയല്ല.ആയത് കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-2 ലൈസൻസ് എടുക്കാത്ത പൗൾട്രി ഫാം

14/7/17ന് ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയർ ശ്രീമതി ഗ്രേസി ജോസഫിന്റെ സാന്നിദ്ധ്യത്തിൽ 11.25pmന് നടത്തിയ സ്ഥലപരിശോധനയിൽ ഐരാണിക്കുളം എന്ന സ്ഥലത്ത് സേവ്യർ കാച്ചപ്പിള്ളി എന്നവരുടെ വീട് പരിസരത്ത് കോഴി, താറാവ് തുടങ്ങിയ പക്ഷികളെ വളർത്താവുന്ന നാലു ഷെഡുകൾ(3000 ത്തോളം പക്ഷികളെ വളർത്താവുന്ന) കണ്ടു.തൽസമയം ഷെഡിൽ പക്ഷികളൊന്നും ഉണ്ടായിരുന്നില്ല.2012 മുതൽ സ്ഥാപനം പ്രവർത്തിക്കുന്നതായും പൊലൂഷൻ കൺട്രോൾ ബോർഡിൽനിന്നുള്ള ലൈസൻസ് ലഭിക്കാത്തതിനാൽ ലൈസൻസ് ലഭിച്ചില്ല എന്നും പൊലൂഷൻ കൺട്രോൾ ബോർഡിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടെന്നും ഗൃഹനാഥ അറിയിച്ചു.

2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാം ചട്ടങ്ങൾ ചട്ടം 3 അനുസരിച്ച് 100 ലധികം കോഴികളെ വളർത്തണമെങ്കിൽ ലൈവ് സ്റ്റോക്ക് ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കേണ്ടതാണ്.ചട്ടം 3-1 അനുസരിച്ച് യാതൊരു സ്ഥാപനവും ലൈസൻസ് കൂടാതെ

പ്രവർത്തിക്കുവാൻ പാടുള്ളതല്ല.പഞ്ചായത്തിന്റെ അറിവോടും ലൈസൻസ് ഇല്ലാതെയും പ്രസ്തുത സ്ഥാപനം 2012 മുതൽ പ്രവർത്തിച്ചു എന്നുള്ളത് നിയമവിരുദ്ധമാണ് .ഇത് പഞ്ചായത്തിന് ന്യായമായും കിട്ടേണ്ട തൊഴിൽ നികുതിയും നഷ്ടപ്പെടുത്തുന്നു.

പഞ്ചായത്തിന് തനത് വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതും എത്രയും വേഗം പ്രസ്തുത സ്ഥാപനത്തെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കംപ്യൂട്ടർ വാങ്ങൽ -വാറണ്ടി സംബന്ധിച്ച രേഖപെടുത്തലുകൾ കരാറിൽ ഇല്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം. SO 105/17 പ്രകാരം പഞ്ചായത്തിനും അസിസ്റ്റന്റ് എഞ്ചിനീയറുടേയും ഓഫീസിലേക്ക് കംപ്യൂട്ടറുകൾ, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയതിന് ട്രഷറി ബിൽ നം. 38/16-17/ 22.2.17 പ്രകാരം 216470/- രൂപ പിൻവലിച്ച് റിയൽടെക് സിസ്റ്റംസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് 5/sec/kzr/2016-17 പ്രകാരം കരാറിലേർപെട്ടിട്ടുണ്ടെങ്കിലും ഉപകരണങ്ങളുടെ ഗ്യാരണ്ടി/വാറണ്ടി എന്നിവ സംബന്ധിച്ച രേഖപെടുത്തലുകൾ കരാറിൽ ഇല്ല. ഐ.കെ.എം പുറപെടുവിച്ച സ്പെസിഫിക്കേഷൻ പ്രകാരം കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുമ്പോൾ കംപ്യൂട്ടറുകൾക്ക് അഞ്ച് വർഷ വാറണ്ടിയും പ്രിന്ററിന് മൂന്നു വർഷ വാറണ്ടിയും ഉറപ്പാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത് പാലിച്ചതായി കാണുന്നില്ല. ആയതിനാൽ വാറണ്ടി സംബന്ധിച്ച വ്യവസ്ഥകൾ ഉൾപെടുത്തി കരാർ പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ വിനിയോഗ

## സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ്നമ്പർ. SO. 06/17 ഐ.കെ.എം വിഹിതം അടവാക്കൽ പദ്ധതിക്കായി 67,670 രൂപ ബിൽ നം. 18/16-17/ 23.12.16 പ്രകാരം പിൻവലിച്ച് (ഡി.ഡി. നം.486022) എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.കെ.എം.ന് നൽകിയിട്ടുണ്ട്. ഇതേ രീതിയിൽ പ്രോജക്റ്റ് നം.78/17 എനിമൽ ബർത്ത് കൺട്രോൾ പദ്ധതിക്ക് 75,000/-രൂപ ട്രഷറി ബിൽ നം. 28/16-17/ 27.2.17 ആയി പിൻവലിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക 1,42,670 രൂപ താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.

# 3-3 വയോജന ക്ഷേമം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ SO. 20/17 വയോജന ക്ഷേമ പദ്ധതി പ്രകാരം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വയോജനസംഗമം, വയോജന ദിനാചരണം എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിച്ചതിന് 1,03,440 രൂപ ചെലവഴിച്ചിട്ടുണ്ട്. 11.1.16 ലെ സ.ഉ.(എം.എസ്)4/16ത.സ്വ.ഭ.വ ഉത്തരവ് സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 7.7 പ്രകാരം ഉൽപാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ-പഠന യാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വയോജന ദിനാചരണത്തിനായി തുക ചെലവഴിച്ചതായാണ് കാണുന്നത്. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിധേയമായി പ്രോജക്റ്റുകൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്. ചെലവു തുക 1,03,440 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-4 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 19 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 145ാം നമ്പർ അംഗൻവാടി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അംഗൻവാടി പ്രവർത്തിക്കുന്ന പ്രദേശത്തിന് സമീപത്തു തന്നെ പുറമ്പോക്ക് ഭൂമി ഉള്ളതായി പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. 16.1.14ലെ ഗവ.സർക്കുലർ നം. 62671/യു/3/02/റവന്യൂ പ്രകാരം

റവന്യൂ ഭൂമി ലഭ്യമാണെങ്കിൽ അംഗൻവാടി കെട്ടിടനിർമ്മാണത്തിനായി ആവശ്യമായ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യമായി പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അംഗൻവാടി കെട്ടിടത്തിനായി ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതാണ്.

പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികൾക്കും ചുറ്റുമതിൽ നിർമിക്കുക, രണ്ടാമത്തെ ഗ്യാസ് സിലിണ്ടർ നൽകുക, കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക, അംഗൻവാടികളിൽ ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക,112ാം നമ്പർ അംഗൻവാടി കെട്ടിടത്തിലെ ടോയ്‌ലറ്റിന്റെ തകരാറ് പരിഹരിക്കുക, വൈദ്യുതി തകരാറ് നിലനിൽക്കുന്ന അംഗൻവാടികളിൽ റീ വയറിംഗ് നടത്തുക, അംഗൻവാടികളിൽ രജിസ്റ്ററുകളും രേഖകളും സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കുക എന്നിവ നിലവിൽ പരിഹരിക്കേണ്ട ആവശ്യങ്ങളാണ്. ആയതിനാൽ ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

അംഗൻവാടി നം. 112, 145 എന്നിവയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നെങ്കിലും സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച ചില തർക്കങ്ങൾ മൂലം ചുറ്റുമതിൽ നിർമ്മാണം നടത്താൻ സാധിച്ചിട്ടില്ല. മേൽ അംഗൻവാടികൾ സ്ഥിതിചെയ്യുന്ന ഭൂമിയുടെ സ്കെച്ച് തയ്യാറാക്കി റവന്യൂ അധികാരികളിൽ നിന്നും ലഭ്യമാക്കുന്നതിനും പോക്ക് വരവ് നടത്തി പഞ്ചായത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-5 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ -മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കണം.

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി പ്രകാരം കുഴൂർ ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴക്ക് 2,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതു വരെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

| പ്രോജക്ട് നം. | പേര് | തുക | ബിൽ നം./ തിയതി | കൈപറ്റ് രസീതി നം. /തിയതി |
|---|---|---|---|---|
| S035/17 | ഹോമിയോ ആശുപത്രിക്ക് | 2,00,000/- | 1/16-17 1.2.17 | ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| | മരുന്നുവാങ്ങൽ | | | |

## 3-6 പാലിയേറ്റീവ് കെയർ രജിസ്റ്റർ ശരിയായി പരിപാലിക്കുന്നതിനും മരുന്നുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. കുഴൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം. So 57/17 പാലിയേറ്റീവ് കെയർ പദ്ധതിക്കായി ആകെ 3,61,391/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നോമിനൽ രജിസ്റ്റർ പ്രകാരമുള്ള 262 രോഗികളിൽ 81 പേർ കിടപ്പ് രോഗികളും 41 പേർ സ്ഥിരമായി മരുന്നുകൾ ആവശ്യമായ രോഗികളുമാണ്. പദ്ധതിയുടെ ഭാഗമായി മരുന്ന വാങ്ങുന്നതിനായി KMSCLന്റെ 23.2.17ലെ പ്രൊഫോർമാ ഇൻവോയ്സ് നം. 2796 പ്രകാരം 30,000/- രൂപ ബിൽ നം. 6/16-17 /8.3.17പ്രകാരം കെ.എം.എസ്.സി.എൽ ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഹോം കെയർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഹോം കെയർ നടത്തുന്ന ദിവസങ്ങളിൽ പരിചരിച്ച രോഗികളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപെടുത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല എന്ന കാണുന്നു. രജിസ്റ്ററിൽ ക്രമമായി രേഖപെടുത്തലുകൾ നടത്തുന്നതിനും സാക്ഷ്യപെടുത്തി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിൽ 120 ഹോം കെയർ ദിവസങ്ങളിലായി ആകെ 713 രോഗികൾക്ക് പരിചരണം നൽകിയിട്ടുണ്ട്.

പ്രോജക്ട് നം.SO 108/17 പി.എച്ച്.സി.കൾക്ക് മരുന്നുവാങ്ങൽ പദ്ധതിയിലുൾപെടുത്തി ബിൽ നം. 5/16-17/20.2.17 പ്രകാരം 40,000/- രൂപ മരുന്നുകൾ വാങ്ങുന്നതിനായി 10.1.17 ലെ പ്രോഫോർമ ഇൻവോയ്സ് നം.PRF 1362 പ്രകാരം കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 സേവന ഗുണമേന്മ- തുടർ ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം.

പൊതുജനങ്ങൾക്ക് സമയബന്ധിതമായി ഗുണമേന്മയുള്ള സേവനം ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും, പ്രാദേശിക ഭരണ നിർവ്വഹണം കാര്യക്ഷമമായും, നീതിയുക്തമായും നിർവ്വഹിക്കുന്നതിന് ഏർപ്പെടുത്തിയ വിവിധ സേവന സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് 25.3.17മുതൽ മൂന്നു വർഷത്തേക്ക് TQS/Q-228നമ്പറായി ISO certification ലഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കായി വിശ്രമസൗകര്യം, കുടിവെള്ളം, ടി.വി, ഹെൽപ് ഡെസ്ക്, ടോക്കൺ മെഷീൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വിവിധ സേവനങ്ങൾക്കായി സൂചിക സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ ഫ്രണ്ട് ഓഫീസിനെ ബാക്ക് ഓഫീസുമായി ലിങ്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ജനന-മരണ, വിവാഹ രജിസ്ട്രേഷൻ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, സേവന പെൻഷൻ തുടങ്ങിയവക്ക് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സേവന പുരോഗതി അറിയുന്നതിനായി ഫയൽ ട്രാക്കിംഗ് സംവിധാനമെന്ന നിലയിൽ ടച്ച് സ്ക്രീൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. 29.1.15ലെ സ.ഉ.(എം.എസ്)നം.18/2015 ത.സ്വ.ഭ.വ ഉത്തരവിൽ നിർദേശിച്ചിട്ടുള്ള മറ്റു സേവനങ്ങൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പൊതു ജനങ്ങൾക്ക് നിലവിൽ ലഭ്യമാകുന്ന സേവനഗുണമേന്മയുടെ തുടർച്ച ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-8 റിംഗ് കമ്പോസ്റ്റ് പദ്ധതി.

പ്രൊജക്ട് നമ്പർ : 87/2017

അടങ്കൽ : 915000

ചെലവ് : 180000

ബിൽ നമ്പർ : 11/2016-17

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി .ഇ .ഒ

2016-17 സാമ്പത്തിക വർഷത്തിൽ റിംഗ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി വി.ഇ.ഒ 180000/- രൂപ ബിൽ നം 11/2016-17 തിയ്യതി 09-03-2017 പ്രകാരം സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ,തൃശ്ശൂർ-ന് നല്കിയിട്ടുണ്ട്. 366 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടിത്തിയിട്ടിള്ളത്. ഓരോ ഗുണഭോക്താക്കളുടെ പക്കൽ നിന്നും 250/- രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയും പ്രകാരം മറുപടി നല്കിയിരിക്കുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ റിംഗ് കമ്പോസ്റ്റ് പദ്ധതിയിൽ ആകെ 366 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. അതിൽ 20% പേരുടെ (80 ഗുണഭോക്താക്കൾ )

വിഹിതമായ 180000 രൂപ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് കൈമാറിയിരുന്നു. (ബിൽ നം. 11/2016-17) എന്നാൽ 80 പേരുടെ ഭവനങ്ങളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച എന്ന സാക്ഷ്യപത്രം SEUF ൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ബാക്കി വരുന്ന ഗുണഭോക്തൃവിഹിതം നല്കിയിട്ടില്ല. ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള പ്രകാരം റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച എന്ന സാക്ഷ്യപത്രം SEUF ൽ നിന്നും ലഭിക്കുന്ന പക്ഷം ബാക്കി വരുന്ന വിഹിതം SEUF ന് നല്കുന്നതും പണി പുനരാരംഭിക്കുന്നതുമാണ് എന്നാണ്.

പദ്ധതി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 ജലസേചനപദ്ധതികളുടെ വൈദ്യുതി കരം പഞ്ചായത്തുഫണ്ടിൽ നിന്നും അടവാക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ കൈമുക്ക് ജലസേചനപദ്ധതി, നെൻമേനിച്ചിറ ജലസേചന പദ്ധതി എന്നിവയുടെ വൈദ്യുതിചാർജ് പഞ്ചായത്തു ഫണ്ടിൽ നിന്നുമാണ് അടച്ചുവരുന്നത്. ജലസേചന പദ്ധതികൾ നിലവിലെ വ്യവസ്ഥകൾ പ്രകാരം ഗുണഭോക്താക്കൾക്ക് കൈമാറി വൈദ്യുതിചാർജ് അവരെകൊണ്ട് അടവാക്കിപ്പിക്കേണ്ടതാണ്. സാമ്പത്തികവർഷം ഓരോ മാസവും ഈ ഇനത്തിൽ പറഞ്ഞ ചെലവ് നാമമാത്രമാണെങ്കിലും ഇവ വിപുലീകരിക്കുമ്പോൾ അടച്ചതിന്റെ ചെലവുകൂടി പഞ്ചായത്തു ഫണ്ടിന് ബാദ്ധ്യതയാകുന്നതാണ്. ആയതിനാൽ മേൽപ്പറഞ്ഞ ജലസേചന പദ്ധതികളുടെ നടത്തിപ്പ് എത്രയും വേഗം ഗുണഭോക്തൃ സമിതിക്ക് ആധികാരികമായി കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 3-10 മരാമത്ത്പണികളുടെ നടത്തിപ്പ് - അപാകതകൾ

മരാമത്ത് പണികളുടെ നടത്തിപ്പിൽ കണ്ട അപാകതകളുടെ വിവരം ചുവടെകൊടുക്കുന്നു.

1.സാമ്പത്തികവർഷം 51 പ്രവർത്തികൾ ആവിഷ്കരിച്ചുവെങ്കിലും 21 പ്രവർത്തികൾക്ക് മാത്രമാണ് ചെലവു വന്നിട്ടുള്ളത്.

2. 30/03/2017ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 2(1) നമ്പർ തീരുമാനത്തിൽ എഞ്ചിനിയറിംഗ് പ്രൊജക്ടുകളുടെ ചെലവ് വളരെ മോശമെന്ന് വിലയിരുത്തിയിട്ടുണ്ട്. ട്രഷറിയിൽ 30/03/2017 നാണ് 21 ബില്ലുകളും സമർപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഇത് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ വിലയിരുത്തൽ ശരിവെക്കുന്നു. 2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2010 നമ്പർ നിബന്ധനയനുസരിച്ച ഫോം അപ്പൻഡിക്സ് 2000 ഇ യിലാണ് കരാറുകാരുമായി കരാർ ചമക്കേണ്ടത്. എന്നാൽ ഇപ്പോഴും കേരള ഡിറ്റയിൽസ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് മുദ്രപത്രത്തിൽ കരാർ

ചമക്കുന്നത്. സമയബന്ധിതമായി പ്രവർത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്ന് ഇതുമൂലം പുതിയ നിരക്കിലുള്ള പിഴ ഈടാക്കുവാൻ കഴിയുകയില്ല

3.ടെൻഡർ രജിസ്റ്റർ ആധികാരികമായി സൂക്ഷിച്ചിട്ടില്ല, ആയത് ക്രമപ്രകാരമല്ല പേജ് 41,42,43,44 എന്നിവയിൽ 7/2/17 ലെ ടെൻഡറും പേജ് 45 ൽ 3/2/17 ലെ ടെൻഡറുമാണ്, പക്ഷെ പേജ് 46 മുതൽ 58 വരെ രേഖപ്പെടുത്തിയിട്ടുള്ളത് 31/01/17 ലെ ടെൻഡർ വിവരങ്ങൾ ആണ്

മേൽപ്പറഞ്ഞ അപാകതകൾ സംഭവിക്കാനുണ്ടായതിന്റെ കാരണം വിശദമാക്കേണ്ടതാണ്. ഭാവിയിൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ കുറ്റമറ്റരീതിയിൽ പരിപാലിക്കേണ്ടതുമാണ്.

# 3-11 നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിലക്ക് ഗൗനിച്ചില്ല-റോഡ് താറുമാറായി

പ്രൊജക്റ്റ് നം. : 71/17- – തറേപ്പറമ്പിൽ റോഡ് റീടാറിങ്

അടങ്കൽ തുക : 214000/- രൂപ

ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയർ ശ്രീമതി ഗ്രേസി ജോസഫിന്റെ സാന്നിദ്ധ്യത്തിൽ ഉച്ചക്ക് ശേഷം നടന്ന സ്ഥല പരിശോധനയിൽ പദ്ധതി സ്ഥലം സന്ദർശിച്ചപ്പോൾ, നാലാം ഇനമായ സീൽകോട്ട് ചെയ്യാത്തതുമൂലം റോഡ് താറുമാറായിക്കുന്നതായി കണ്ടു.31/16-17 /KZHR/aE/20/2/17 പ്രകാരമുള്ള കരാർ പ്രകാരം എം.പി.സേവ്യർ,മഞ്ഞളി ഹൗസ്, കുഴൂർ എന്ന കരാറുകാരനാണ് പ്രവൃത്തി ചെയ്തത്. നിർവ്വഹണ ഉദ്യോഗസ്ഥ വിലക്കിയിട്ടും കരാറുകാരൻ പ്രവൃത്തി ചെയ്തതു മൂലമാണ് റോഡ് തകരാറിലായതെന്ന് തൽസമയം നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. സീൽകോട്ട് ചെയ്യുന്നതിന് മുമ്പേ മഴ വന്നതാണ് റോഡ് തകരാറിലാവാൻ കാരണം.

കരാറുകാരന് നാളിതുവരെ തുകയൊന്നും തന്നെ നൽകിയിട്ടില്ല. അപാകതകൾ കുറ്റമറ്റ രീതിയിൽ പരിഹരിച്ച ശേഷം മാത്രമേ കരാറുകാരന് തുക നൽകുവാൻ പാടുള്ളൂ എന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

# 3-12 തൊഴിലുറപ്പ് പദ്ധതി

സാമ്പത്തികവർഷം വരവുവന്ന 19357937 രൂപയിൽ 19357570 രൂപയും ചെലവ് ചെയ്തിട്ടുണ്ട്.181 പ്രവൃത്തികൾ നടപ്പിലാക്കിയതിൽ 164 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പത്ത് റോഡ് പ്രവൃത്തികൾ ഉൾപ്പെടെ 28 പ്രവൃത്തികൾ സാധനസാമഗ്രികൾ ഉപയോഗിച്ച് നടപ്പിലാക്കുവാൻ കഴിഞ്ഞു.1317 കുടുംബങ്ങൾ തൊഴിലെടുത്തതിൽ 122 കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ലഭിച്ചു.

ദുർബലവിഭാഗങ്ങളുടെ ഭൂമിയിൽ മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ ഉൽപാദനക്ഷമത വർദ്ധിപ്പിച്ചു.തരിശ് ഭൂമിയിലെ നെൽകൃഷിയും എടുത്തുപറയത്തക്ക നേട്ടമാണ്. ഇടവിളയായി പയർ, കൊള്ളി,ഇഞ്ചി, മഞ്ഞൾ എന്നിവയും കൃഷി ചെയ്യുവാൻ കഴിഞ്ഞത് മൂലം ആയത് വിപണികളിലെത്തിച്ച് വരുമാനം വർധിപ്പിക്കുവാനും പര്യാപ്തമായി. ജൈവവളം, ജൈവകീടനാശിനി എന്നിവ ഉപയോഗിച്ചുള്ള കൃഷിയും ഇടവിള കൃഷിയും പ്രോൽസാഹിപ്പിക്കുകയാണെങ്കിൽ അത് സാമൂഹികമായി നല്ല പരിവർത്തനങ്ങൾ സൃഷ്ടിക്കുവാൻ ഉതകുന്നതാണ്.ഇത് വഴി അന്യനാട്ടുകളിൽനിന്നുള്ള വിഷലിപ്തമായ പച്ചക്കറികളുടെ ഉപയോഗം കുറക്കുവാനും അതുവഴി സമൂഹത്തിന്റെ ആരോഗ്യനില മെച്ചപ്പെടുത്തുവാനും ഉതകുന്നതാണ്. മാത്രമല്ല,പയറുവർഗങ്ങളുടെ കൃഷി അന്തരീക്ഷത്തിൽ നിന്നുള്ള നൈട്രജൻ ഭൂമിയിലേക്ക് നേരിട്ടെത്തുവാനും അതുവഴി മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കുവാനും ഉതകുന്നതാണ്.

കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതികളുടെ നടത്തിപ്പ്, പരിസ്ഥിതിക്കും ആരോഗ്യത്തിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് പരമാവധി കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുവാൻ കഴിഞ്ഞാൽ സമൂഹത്തിൽ ക്രിയാത്മകമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ പദ്ധതിക്ക് കഴിയുന്നതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | 87/17 - റിംഗ് കമ്പോസ്റ്റ് | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 80000 | 67/17/- പാൽ ഇൻസെന്റീവ് | 80000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 114000 | 81/17 – ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 114000 | 0 |
| ജില്ല പഞ്ചായത്ത് | 2016-17 | 125000 | 81/17 – ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | 0 |

കുറിപ്പ്

ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ് Schedule B4 പ്രകാരം സംയുക്ത പ്രൊജക്റ്റ് ഇനത്തിൽ 147000/-രൂപ, 17467/-രൂപ എന്നിങ്ങനെ തുകകൾ നീക്കിയിരിപ്പുള്ളതായി കാണുന്നു. ടി തുകകളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും മുൻവർഷങ്ങളിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക IIA അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതായാണ് കാണുന്നത്. സർക്കാർ ഉത്തരവ് പ്രകാരം വികസന ഫണ്ടിൽ നീക്കിയിരുപ്പ് ഉള്ള തുകകൾ 31.03.2016ന ശേഷം ലാപ്സായിട്ടുള്ളതാണ്. ആയതിനാൽ ലഭിച്ച തുക യഥാർത്ഥത്തിൽ വിനിയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമായ entryകൾ നടത്തി തുക ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-2) ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | ചെക്ക് നം | തുക | | തുക |
|---|---|---|---|---|---|
| 1.K.S.E.B | 11/17 തെരുവ് വിളക്ക് മീറ്ററിങ് പൂർത്തീകരണം | ഡയറക്ട് ട്രാൻസ്ഫർ | 185660 | 185660 | 0 |
| 2.ജില്ല പഞ്ചായത്ത് | 28/17 A.B.C.Programme | ഡയറക്ട് ട്രാൻസ്ഫർ | 75000 | 75000 | 0 |

4-3) മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

4-4)വായ്പ / വായ്പ തിരിച്ചടവ്

ഇല്ല.

4-5)സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല.

4-6) ഓഡിറ്റ് റിക്കവറി (2016-17)

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 1)2015-16 | 36 | 12500 | ജയൻ ടി കെ , താമരശ്ശേരി മന. | 11601100224/11.04.16 |
| 2)1998-99 | | 415 | കൃഷി ഓഫീസർ, | 11601101017/20.06.16 |
| 3)2014-15 | | 300 | ടി എ പോൾ, തെറ്റയിൽ | 11601102281/04.10.16 |
| 4)2014-15 | 3.8 | 38757 | മദർ ന്യൂട്രിമിക്സ് | 11602900042/16.12.16 |

| | | | | |
|---|---|---|---|---|
| 5. | | 135 | ഷമീർ & ആന്റണി മെമ്പർ | 11601106027/25.03.17 |

4-7) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46208647 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43009628 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 246110 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും, സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,42,670 | വിജയൻ. പി. വി, സെക്രട്ടറി |
| 3-3 | 1,03,440 | സതി കെ എ, ഐസിഡിസ് സൂപ്പർ വൈസർ |
| ആകെ | 2,46,110 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

4-8) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 35 | 2003-04 | 3.8.10 | മരാമത്ത് പ്രവൃത്തികൾക്ക് തുക അധികം നല്കിയതു സംബന്ധിച്ച് | ഒഴിവാക്കി നല്കുന്നതിന് സർക്കാരിനോട് അപേക്ഷിച്ചിട്ടുള്ളതാണ്. |
| 2001-02 | | 2002-03 | 8 | മണൽ വില റോയൽറ്റിയിൽ നഷ്ടം വന്നതു സംബന്ധിച്ച് | തുക തിരിച്ചടച്ചു. പരാമർശം ഒഴിവാക്കി നല്കുന്നതിന് അപേക്ഷിച്ചിട്ടുള്ളതാണ്. |

4-9) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1969-70,1974-75 മുതൽ 1994-95 വരെ | എൽ.എഫ്.ടി.12-1310/96 തീയതി 29-11-1996 | |
| 1995-96 | എൽ.എഫ്.ടി.12-1926/97 തീയതി 11-03-1998 | |

| | | |
|---|---|---|
| 1996-97 | എൽ.എഫ്.ടി.12-1941/97<br>തീയതി 21-07-1998 | |
| 1997-98 | എൽ.എഫ്.ടി.13 698/99<br>തീയതി 24-01-2000 | |
| 1998-99 | | 16 |
| 1999-2000 | | 7 |
| 2000-01 | | 4 |
| 2001-02 | | 3 |
| 2002-03 | എൽ.എഫ്.ടി.പി4-184/14/14.3.14/ 3.5.14 | 7 |
| 2003-04 | | 4 |
| 2004-05 | | 4 |
| 2005-06 | | 6 |
| 2006-07 | | 14 |
| 2007-08 | എൽ.എഫ്.ടി.13-640/10<br>തീയതി 31-03-2011 | |
| 2008-09 | എൽ.എഫ്.ടി.പി.14-1259/11<br>തീയതി 17-10-2011/18-05-12 | |
| 2009-10 | എൽ.എഫ്.ടി.പി.14-1260/11<br>തീയതി 17-10-2011/18-05-2012 | |
| 2010-11 | എൽ.എഫ്.ടി.പി.4-2156/12<br>തീയതി 05-02-2013/12-04-2013 | |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.ടി.പി.4-1401/13 തീയതി 09-12-13/13-01-2014 | |
| 2012-13 | എൽ.എഫ്.ടി.പി.4-1424/2014 തീയതി12-01-15/12-03-15 | |
| 2013-14 | നം കെ.എസ്.എ. ടി.എസ്.ആർ.പി. 4-1327/2015/3.11.15 | |
| 2014-15 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4) 1211/16 തിയതി 24.7.16 | |
| 2015-16 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4)92/17തിയതി 27.1.17 | |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം.1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No.KSA-TSR(P4)1227/17

Kerala State Audit Department,

District Audit Office, Thrissur

PIN 680 020, Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

Dated : 31.07.2017

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Kuzhur Gramapanchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Kuzhur Grama Panchayat for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

DEPUTY DIRECTOR

നം.കെ.എസ്.എ.ടി.എസ്.ആർ.(പി4)1227/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

തിയ്യതി : 31.07.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ